**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4097** **09-08-2021 - ൽ മറുപടിയ്ക്ക്**

**മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം പണിയുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പരിഗണനയിലുണ്ട്. നിലവിൽ വനം വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത പാലം ഉയർത്തി നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്ത് മഴക്കാലത്തും സഞ്ചാരയോഗ്യമായ പാലം നിർമ്മിക്കണമെന്ന് 2019-ൽ ന്യൂനപക്ഷ കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബഹു.ന്യൂനപക്ഷ കമ്മീഷന്റെ 07.09.2018 ലെ MCOP370/2018/EKM നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി തേടുകയും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബഹു.ന്യൂനപക്ഷ കമ്മീഷന്റെ 07.09.2018 ലെ MCOP370/2018/EKM നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി തേടുകയും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധനയ്ക്ക് സാമ്പിൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ